(ബി) ഇപ്രകാരം ഹരിപ്പാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുടെ മുൻവർഷത്തെ സേവിംഗ്സ് തുക എത്രയാണ്;

(സി) പ്രസ്തുത തുക ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ആസ്തി വികസന പദ്ധതിയിൻകീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതുക്കിയ SoR അനുസരിച്ച് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ധനാനുമതിയും ഭരണാനുമതിയും നൽകി വിവിധ വകുപ്പുകൾ മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്. സർക്കുലർ നമ്പർ 97/2013/ധന. തീയതി 4-12-2013 പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികളുടെ നിർവ്വഹണം അനുവദനീയമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും ടെണ്ടർ നടപടിക്രമങ്ങളിലെ സ്വാഭാവിക പ്രക്രിയയായതിനാലും നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തികളുടെയും അടങ്കൽ തുകയിൽ ആയത് അനുസരിച്ച് വ്യത്യാസം വരുത്തുന്നത് പ്രായോഗികമല്ലാത്തതിനാലുമാണ് ഇപ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചത്. ആയതുകൊണ്ടുതന്നെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ടെണ്ടർ സേവിംഗ്സ് തുക ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല.

(ബി) പരിഗണനയിലില്ല.

നികുതി വരുമാനം

17 (5744) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2016-17 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച നികുതി വരുമാനവും നികുതിയേതര വരുമാനവും എത്ര ശതമാനമെന്നും വളർച്ച /പിരിവ് എത്ര ശതമാനമെന്നും കറൻസി പിൻവലിക്കലിന് മുൻപും ശേഷവുമുള്ള കണക്ക് എത്രയെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) കറൻസി പിൻവലിക്കൽ മൂലം സംസ്ഥാനത്തിന് സംഭവിച്ച നികുതി/നികുതിയേതര വരുമാനക്കുറവ് എത്ര എന്നും ഇത് നേരിടാൻ എന്തെങ്കിലും കേന്ദ്ര സഹായം ലഭിച്ചുവോ എന്നും ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സഹായം ലഭിക്കാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) കറൻസി നിരോധനം നാളിതുവരെ കാർഷിക വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയെ എത്തരത്തിൽ ബാധിച്ചു എന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി സഹകരണ മേഖലയെ സംരക്ഷിക്കാൻ ധനവകപ്പ് എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം തനത് നികതി വരുമാനത്തിൽ 4.81 ശതമാനവും തനത് നികതിയേതര വരുമാനത്തിൽ 27.19 ശതമാനവും വളർച്ചയാണ് പ്രതീക്ഷിച്ചിരുന്നത്. 2016 ഡിസംബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98 ശതമാനവും നികുതിയേതര ഇനത്തിൽ 16.47 ശതമാനവും വളർച്ച നേടുവാൻ കഴിഞ്ഞുവെങ്കിലും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധി കാരണം ഡിസംബർ മാസത്തെ നികതി വരുമാനത്തിലുള്ള വളർച്ചാ നിരക്ക് 2.35 ശതമാനവും നികുതിയേതര ഇനത്തിൽ വളർച്ചാ നിരക്ക് (-)16.67 ശതമാനവുമാണ്.

(ബി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിന് പുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. എന്നിരുന്നാലും നോട്ട് നിരോധനം മൂലം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച് അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(സി) നോട്ട് നിരോധനം കാർഷിക വ്യാവസായിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയെ വൻ പ്രതിസന്ധിയിലേയ്ക്ക് തള്ളിയിടുകയാണ് ചെയ്തിട്ടുള്ളത്. ഈ സർക്കാരിന്റെ അവസരോചിതമായ ഇടപെടലുകൾ ഈ മേഖലയിലെ പ്രതിസന്ധികളെ തരണം ചെയ്യുവാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാര മുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം

ഉണ്ടാക്കി. കോർ-ബാങ്കിംഗ് നെറ്റ്വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി നടപ്പുവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരന്റി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട്

18 (5745) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബാക്കി ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക എ.ടി.എം.വഴി പണം പിൻവലിക്കാൻ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് സംവിധാനമുള്ളതെന്നും ഇല്ലെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ സ്പാർക്ക് മുഖേന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ് വിഭാഗങ്ങളിലെ എല്ലാ ജീവനക്കാർക്കും അവരുടെ താത്പര്യ പ്രകാരം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി കൈപ്പറ്റാവുന്നതാണ്. 3-2-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 658/10/ഫിൻ പ്രകാരം എല്ലാ സെൽഫ് ഡ്രായിങ് ഓഫീസർമാരുടെയും ശമ്പളവും ആനുകൂല്യങ്ങളും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാക്കിയിരുന്നു. 22-4-2017-ലെ 53/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് നോൺ ഗസറ്റഡ് വിഭാഗം ജീവനക്കാർക്കും അവർക്ക് താത്പര്യമുള്ളപക്ഷം ടി.എസ്.ബി. അക്കൗണ്ട് വഴി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റാവുന്നതാണ്.

(ബി) ട്രഷറി അക്കൗണ്ട് മുഖേന ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന ബോർഡ്, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ ജീവനക്കാർക്ക് അവരുടെ താത്പര്യ പ്രകാരം ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly